സിബി(1) 10076/2008.

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 28.02.2008.

## സർക്കുലർ നമ്പർ. 14/2008

വിഷയം : സഹകരണ വകുപ്പ് - ഹ്രസ്വകാല കാർഷിക സ്വർണ്ണ പണയ വായ്പകൾ - നബാർഡ് പുനർവായ്പ - സംബന്ധിച്ച്. നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന : 1.ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.2.2008-ന് കൂടിയ പ്രാഥമിക വായ്പാ സംഘം അസോസിയേഷൻ, സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക്/നബാർഡ് പ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത യോഗതീരുമാനം.

2. നബാർഡ് ജനറൽ മാനേജരുടെ 25-2-2008ലെ എൻ.ബി.(കേരള) പിസിഡി/2033/ജി-8/2007-08-ാം നമ്പർ കത്ത്.

സംസ്ഥാനത്തെ കാർഷിക വായ്പാവിതരണത്തിലെ പുരോഗതി അവലോകനം ചെയ്യുന്നതിനും, നടപടി ത്വരിതപ്പെടുത്തുന്നതിന് കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുമായി ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രാഥമിക വായ്പാ സംഘം അസോസിയേഷൻ ഭാരവാഹികൾ, സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക്/നബാർഡ് പ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ കാർഷിക ആവശ്യത്തിന് സ്വർണ്ണപ്പണയ വായ്പ വിതരണം ചെയ്യുന്നതിന് ജില്ലാ സഹകരണ ബാങ്കുകളെയും പ്രാഥമിക വായ്പാ സംഘങ്ങളെയും അനുവദിക്കണമെന്നും, നബാർഡ് പുനർവായ്പ സൗകര്യം ലഭ്യമാക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. സഹകരണ സംഘങ്ങൾ/ബാങ്കുകൾ ജില്ലാതല ടെക്നിക്കൽ കമ്മറ്റിയുടെ തീരുമാനപ്രകാരമുള്ള വായ്പതോതിനു വിധേയമായി 7% നിരക്കിൽ അധികരിക്കാതെ വിളവായ്പയായി കണക്കാക്കി കർഷകർക്ക് വിതരണം ചെയ്യുന്ന ഹ്രസ്വകാല സ്വർണ്ണപണയ വായ്പകൾ നബാർഡ് പുനർവായ്പയ്ക്കും, ഇപ്രകാരം വിതരണം ചെയ്യുന്ന വായ്പയിൽ സ്വന്തം ഫണ്ടിൽ നിന്നും സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുടക്കുന്ന വിഹിതത്തിന് കേന്ദ്ര സർക്കാരിൻെറ 2% പലിശ ഇളവിനും (Interest Subvention) അർഹത ഉണ്ടായിരിക്കുമെന്ന് യോഗത്തിൽ പങ്കെടുത്ത നബാർഡ് ചീഫ് ജനറൽ മാനേജർ വിശദീകരിക്കുകയും ഇതു സംബന്ധിച്ച് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കും/ജില്ലാസഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകണമെന്ന് സൂചന (2) പ്രകാരം ആവശ്യപ്പെടുകയും ചെയ്തു.

മേൽസാഹചര്യത്തിൽസംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ വായ്പതോതിനു വിധേയമായി 7% നിരക്കിൽ അധികരിക്കാതെ വിളവായ്പയായി കണക്കാക്കി കർഷകർക്ക് വിതരണം ചെയ്യുന്ന സ്വർണ്ണപണയ വായ്പകൾ, (കാർഷികാവശ്യത്തിന്) നബാർഡ് പുനർവായ്പ പരിധിയിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുകയും, ഇപ്രകാരം വിതരണം ചെയ്യുന്ന വായ്പയിൽ സ്വന്തം ഫണ്ടിൽ നിന്നും മുടക്കുന്ന തുകയ്ക്ക് 2% പലിശ ഇളവിന് (Interest Subvention) അർഹത യുള്ളതിനാൽ അത് കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്ക് സംഘങ്ങൾ/ബാങ്കുകൾ സാധരണയായി സ്വീകരി ക്കാറുള്ള പോലെ ജില്ലാ സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ ബാങ്ക് മുഖേന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ വിനിയോഗത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കാണുന്ന പക്ഷം പ്രസ്തുത വായ്പ കാർഷികേതര വായ്പയായി കണക്കാക്കാവുന്നതും ആയതിന് ബാധകമായ നിരക്കിൽ പലിശ ഈടാക്കാവുന്നതുമാണ്.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:
1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസനബാങ്ക്, തിരുവനന്തപുരം.
3. ജനറൽ മാനേജർ, എല്ലാ ജില്ലാസഹകരണ ബാങ്കുകളും
4. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം.
5. എല്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
6. എല്ലാ ജോയിൻറ് രജിസ്ട്രാർ/കൺകറൻറ് ആഡിറ്റർമാർക്കും(സംസ്ഥാന/ ജില്ലാ സഹകരണ ബാങ്ക് )
7. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർ (മുഖേന)
8. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിൻറ് രജിസ്ട്രാർ(മുഖേന)
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
10. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
11. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി